# True Parenting

Br. Sajoie Samuel, STOTS, Nagpur

Train a child in the way he should walk and he will not stray from it even when he is old.(Prov.22-6)

Ever watched an eagle building its nest ? It build its nest out of thorns and briars. They line the outer shell with animal skins, feathers and fur thereby making it very comfortable for the eaglets. By the time the babies get mature enough fly away, the mother eagle stirs the nest. She covers over the nest and starts fluttering and flapping her powerful wings,. By now the loose feathers get blown away nest. She then, with her strong beaks teats the nest to pieces. All of a sudden, the baby eagle find themselves perched on thorn. Writhing in pain, the eagles look up to their mother, who by now starts flapping her wings frantically. Taking the cue, the eaglets too do the same. Hence here stats the "training" of an eaglet to fly. A concoction of pain and parental guidance, the eaglet learns to fly.

Un-fortunately today's youth neither gets pain nor parental guidance for their upbringing. The 21st century parent would rather let his child be as he is rather than let him pass through the rigmarole of a disciplined life. As a result moral decadence has crept into the by lanes of societal life.

Parents need to treat their children as individuals who have a say in family matters. Important issues need to be discussed with them to brace them for the future. If respect them, they would reciprocate
this respect to you .Let your children know of your financial situation at home. Do not cave–in to all their demands. Instead let them know how you have to toil to make both ends meet. Talk with them, do not talk them. Never be little them in the presence of their friends. By doing this you are trudging on their self – esteem thereby demoralizing and hampering their mental growth. This ins reverberated in St. Matthew 18:15b

the 21st century parent has no time for their children. The times are such that our official world has sneaked into our bedrooms thereby curtailing our family lives. As a result, the generation gulf has widened between the parents and kids. Earmark a day of the week as a family day. Paper your family with love and care. Talk to your children regarding the children their day –to-day activities. It is mandatory that a family dines together at least one meal a day. "A family that prays together stays together" can be medium for unity in a Christian family. Biblical text should be discussed in family discussions to ignite the biblical knowledge of your family.

(Cont...)

## MIDLENT & VACHANIPPU PERUNNAL ( MARCH 25TH, TUESDAY)

Holy Qurbana & special service will be celebrate by H.G.Dr. Joseph Mar Dionysius at ACE's Hall, Abbasiya (Near Subway Rest.) at 6:30 pm

## SUNDAY SCHOOL :

Talent Scann - 21st March (Friday), 10 : 00 am to 4:00 pm
1st Phase Examination : 27th March (Thursday) 5:30 pm to 7:00 pm
Venue : Successline Institute Bldg. (Near Mookambika Jewellery, Abbaisya)

## EVENING PRAYER & HOLY CONFESSION


Sunday to Wednesday 6:30 pm to 8:00pm
Venue : ACE's Hall, Abbasiya (Near Subway Rest.)

The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of March. (Special prayer is offered in Holy Qurbana for them)

## PRAYER MEETING SCHEDULE FOR MARCH - 2014

| | | | | | | (Time-pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 07-03 | Mr. Binoy P Koshy | Near Passonage Building | Flr. 07 | Flat 41 | 99050310 | 5:00 |
| 14-03 | Mr. Binu K Mathew | Apsara Bazar Building | 09 | 68 | 66554783 | 5:00 |
| 21-03 | Mr. Issac Mathew | Opp.Unique store Store No. 3 | 01 | 05 | 99654864 | 5:00 |
| 28-03 | Mr. Shaji Varghese | Left side King Kook Resturant | 02 | 08 | 99198394 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 07-03 | Mr. Reji T. Achenkunju | Family Bazar Building | 07 | 28 | 96687425 | 5:00 |
| 14-03 | Mr. Alex P. George | Mookabika Building | 02 | 03 | 97435242 | 5:00 |
| 21-03 | Mr. Stanly Varghese | Al Rasheed Travels Building | 01 | 04 | 69961151 | 5:00 |
| 28-03 | Mr. Linu Varghese | Choice Restaurant Building | 05 | 19 | 66745714 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Thomas Varghese - 99274419** | | | | | | |
| 07-03 | Mr. Joemon Joy | N/R Lulu Exchange | 06 | 64 | 97596453 | 5:30 |
| 14-03 | Mr. Joys Chacko | N/R Paradise Restaurant | 08 | 01 | 99339294 | 5:30 |
| 21-03 | Mr. Jiji Alex | Opp. Best Bakery | 08 | 38 | 66408576 | 5:30 |
| 28-03 | Mr. Ben P.Koshy | N/R Hidine Super Market | 04 | 13 | 66454369 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shiju Abraham - 65845959** | | | | | | |
| 07-03 | Mr. Bobban C. Baby | Bldg. No. 3, Behind Hada Centre | 06 | 23 | 66751797 | 5.30 |
| 14-03 | Mr. Anoop Mathew | Madan Saloon Bldg. Near Al-H Bldg. | 03 | 14 | 90968953 | 5.30 |
| 28-03 | Mr. Geevarghese Cherian | Bldg. No. 3, Behind Hada Centre | 03 | 09 | 66045301 | 5.30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 60626195** | | | | | | |
| 14/03 | Mr. Jacob Cherian | Bldg No. 10, Next to Chocolate Shop, New Regaai. | 04 | 18 | 50398008 | 7.30 |
| 28/03 | Mr. Babukutty K. Mathew | Bldg. No. 3, Iris Laundry Bldg, New Reggai | 05 | 15 | 60626195 | 7.30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Jacob Zachariah - 99720086** | | | | | | |
| 28-03 | Mr. George Mathai | Opp. Indian Community School, Khaitan | 02 | 11 | 66290459 | 6.30 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 66952168** | | | | | | |
| 21-03 | Mr. Shibu Abraham | Near Al Plaza Hawally | 03 | 12 | 66952168 | 6.30 |

## HAPPY BIRTHDAY



Ruben Shaney Vinish, Joash Binoy, Joanna Susan Binoy, Jerome Vengazhiyil Jiji, Darshan Thomas George, Dan Jacob George, Sebin Thomas, Deena Elsa George, Asanta Mariam Mathew

HEARTFUL WISHES

Vol. 1, Issue : 2 March 2014

Parish Bulletin

# Stephanian

St. Stephens Indian Orthodox Congregation

Kuwait

മാർച്ച് മാസം ആരംഭിക്കുന്നത് ഒരു വിശുദ്ധ വലിയ നോമ്പ് അനുഭവത്തിലേക്ക് കുടി നമ്മെ മാടിവിളിച്ചുകൊണ്ടാണ്. നമ്മുടെ രക്ഷകനായ കർത്താവ് നോററ 40 ദിവസത്തെ നോമ്പും, തന്റെ കഷ്ടാനുഭവത്തെ അനുസ്മരിഷിക്കുന്ന 10 ദിവസവും ചേർത്ത് 50 ദിവസത്തെ നോമ്പായി സഭ ആചരിക്കുന്നത്. ഉപവാസ അനുഷ്ഠാനങ്ങളിലൂടെ,പ്രാർത്ഥന ധ്യാനങ്ങളിലൂടെ ആത്മശുദ്ധി നേടുന്നതിനുള്ള അവസരം സഭാമക്കൾക്ക് നൽകുന്നു എന്നത് ഈ കാലയളവിന്റെ പ്രത്യേകതയാണ്. വി. നോമ്പും, ഉപവാസവും എപ്രകാരം നാം അനുഷ്ഠിക്കണം എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം 58-ാം അദ്ധ്യായം നാം വായ്ക്കുമ്പോൾ അവിടെ കാണുന്നു. നിങ്ങൾ വിവാദത്തിനും, കലഹത്തിനും ക്രൂര മുഷ്ടികൊണ്ട് അടിക്കുന്നതിനും ആകരുത് നോമ്പ് നോൽക്കേണ്ടത്, പിന്നെയോ, അന്യായബന്ധങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരാക്കുക വിശക്കുന്നവന് നിന്റെ അപ്പം നുറുക്കി കൊടുക്കുക, സാധുക്കളെ സംരക്ഷിക്കുക, നഗ്നന് വസ്ത്രം നൽകുക ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം?. അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും, നിന്റെ മുറിവുകൾക്ക് വേഗത്തിൽ ആശ്വാസം ലഭിക്കും. യഹോവയുടെ മഹത്വം നിന്റെമേൽ ഇരിക്കും; നീ വിളിക്കും യഹോവ ഉത്തരം അരുളും (Vs. 6-9)

വിശുദ്ധ നോമ്പിന്റെ അനുഭവത്തിൽ നാം ആയിരിക്കുമ്പോൾ മൂന്നു പ്രത്യേക ചിന്തകൾ നമ്മുടെ ഹൃദയത്തിൽ എപ്പോഴും നിലക്കൊള്ളണം.

### 1. സൃഷ്ടിയായ നാമും സൃഷ്ടാവായ ദൈവവും തമ്മിലുള്ള ബന്ധം.

ഈ നോമ്പിന്റെ നാളുകൾ ഈ ബന്ധം ദൃഢപ്പെടുത്തണം. ഉപവാസം (കൂടെ വസിക്കുക - sitting very near to God) ഇതാണ് കർത്താവിന്റെ ഒന്നാമത്തെ കൽപനയുടെ ആധാരം. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം. അഹങ്കാരം അസ്തിത്വത്തിന്റെ ദുർഗന്ധമാണെങ്കിൽ വിനയം വ്യക്തിത്വത്തിന്റെ സുഗന്ധമാണ്. അഹങ്കാരം നമ്മെ ദൈവത്തിൽ നിന്നുമകററും, വിനയം നമ്മെ ദൈവത്തോടു കൂടുതൽ അടുപ്പിക്കും.

### 2. നാമും നമ്മുടെ സഹോദരങ്ങളുമായുള്ള ബന്ധം.

സമസൃഷ്ടികളോടുള്ള ബന്ധം എങ്ങനെയെന്നു നാം ശോധന ചെയ്യണം. കർത്താവിന്റെ രണ്ടാമത്തെ കൽപന നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം. ഹൃദ്യമായ സംഗീതം പുറപ്പെടുവിച്ചു കൊണ്ടിരുന്ന ഓടക്കുഴലായാലും പൊട്ടിപ്പോയാൽ പിന്നെ അതിനെ തീയിലിടാനല്ലാതെ മററൊന്നിനും കൊള്ളുകയില്ല. ബന്ധങ്ങളിൽ വിള്ളലുകൾ വീഴുമ്പോൾ സംഗീതത്തിന്റെ സ്ഥാനം അപസ്വരങ്ങൾ അപഹരിച്ചുകളയും. സാഹോദര്യം പദവിയുടെ കിരീടമല്ല, മററുള്ളവർക്കും സംഗീതം കൊടുക്കുവാൻ സ്വയം മുറിവുകൾ ഏററുവാങ്ങാൻ തയ്യാറാകുന്ന സന്മനസിന്റെ വിശുദ്ധിയാണ്.

### 3. ഇന്ദ്രീയങ്ങളെ നിയന്ത്രണ വിധേയമാക്കുക.

നമ്മുടെ നോട്ടവും, ചിന്തയും, സംസാരവും, പ്രവൃത്തിയും ഒക്കെ, ഒരു ക്രിസ്ത്യാനിക്ക് ഉതകുന്നതാകണം. പിശാച് നമ്മിൽ ജയം കൊള്ളാതിരിക്കാൻ നാം ജാഗരൂപരാകണം. ദാവീദ് രാജാവിന്റെ പ്രാർത്ഥന ശ്രദ്ധിക്കുക : നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുൻപിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു. (സങ്കീ. 39:1)

അനുതാപത്തിന്റെ ഈ കാലയളവ് നമ്മെ യഥാർത്ഥ രൂപാന്തരത്തിലേക്ക് നയിക്കണം.ശരിയായ രൂപാന്തരം മനസ്സിന്റെ പരിവർത്തനമാണ്. അത് അഹങ്കാരത്തിൽ നിന്ന് വിനയത്തിലേക്കുള്ള ഒരു തീർത്ഥാടനമാണ്. 'അപ്പോൾ അവൻ ചെന്നു ദൈവപുരുഷന്റെ വചനപ്രകാരം ജോർദ്ദാനിൽ ഏഴുപ്രാവശ്യം മുങ്ങി; അവന്റെ ദേഹം ചെറിയ ബാലന്റെ ദേഹം പോലെ ആയി; അവൻ ശുദ്ധനായിത്തീർന്നു'. (2 രാജാ.: 5:14) ഈ നോമ്പിന്റെ നാളുകൾ നമ്മുടെ ആത്മീയ ജിവിതത്തിലെ കുഷ്ഠമകററി നമ്മെ ശുദ്ധീകരിക്കട്ടെ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമേ, ഞാൻ നിർമ്മലനാകേണ്ടതിന് ഈസോപ്പുകൊണ്ട് എന്നെ ശുദ്ധീകരിക്കണമേ, ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിനു എന്നെ കഴുകേണമേ:, ദൈവമേ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ച് നിന്റെ ആത്മാവിനെ എന്നിൽ പുതുക്കേണമേ. ഇതായിരിക്കണം ഈ നോമ്പിന്റെ നാളുകളിൽ നമ്മുടെ നാവിൽ നിന്നുയരേണ്ട പ്രാർത്ഥനാ മന്ത്രം

പ്രിയരെ ഇടവകയുടെ ആദ്യത്തെ ആദ്യഫലപ്പെരുന്നാളിന്റെ വിജയത്തിനും, അനുഗ്രഹകരമായ നടത്തിപ്പിനും സഹകരിച്ച നിങ്ങളേവരോടുമുള്ള നന്ദിയും, സ്നേഹവും, കടപ്പാടും ഞാൻ അറിയിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം
സജു അച്ചൻ

St. Stephens Indian Orthodox Congregation, Kuwait
Vicar : Fr.Saju Philip, Mob. - 60696128
Email : info@ststephensq8.org - www.ststephensq8.org

## കൂദാശകളുടെ അനുഷ്ഠാനം (....തുടർച്ച)

Fr. Dr. Johns Abraham Konattu

**കെസ്ത്രുമോ**

കാററാസ്ട്രോമാ എന്ന് ഗ്രീക്ക് പദത്തിൽ നിന്ന് ഉത്ഭവിക്കുന്ന വാകാണ് ഇത്. പരന്ന് ഉയർന്ന സ്ഥലം എന്നാണ് വാച്യാർത്ഥം. മദ്ബഹായ്ക്കും ഹൈക്കാലയ്ക്കും ഇടയിലുള്ള സ്ഥലമാണിത്. അഴിക്കകം എന്ന് നമ്മുടെ നാട്ടിൽ സാധാരണ പറയാറുള്ള ഭാഗമാണ് കെസ്ത്രുമോ. ഹൈക്കാലയിൽ നിന്ന് അൽപ്പം ഉയർന്ന സ്ഥലമാണിത്.

**തിരശ്ശീല**

മദ്ബഹായെ കെസ്തുമോയിൽ നിന്ന് വേർതിരിക്കുന്നത് തിരശ്ശീലക്കൊണ്ടാണ്. പഴയനിയമക്കാലത്തും ശുദ്ധതകളുടെ ശുദ്ധസ്ഥലവും, ശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കുന്ന തിരശ്ശീല ഉണ്ടായിരുന്നല്ലോ. മദ്ബഹായിൽ തിരശ്ശീലയുടെ സാന്നിദ്ധ്യം, ദൈവവും മാലാഖമാരും തമ്മിലുള്ള അകലത്തെയും വേർതിരിവിനെയും കാണിക്കുന്നു. സാധാരന ധൂപാർപ്പണം നടത്തുന്ന യാമങ്ങളിൽ, യാമപ്രാർത്ഥന ആരംഭിക്കുമ്പോൾ മറ തുറക്കുകയും, പ്രാർത്ഥനയ്ക്കു ശേഷം അടയ്ക്കുകയും ചെയ്യുന്നു. കഷ്ടാനുഭവാഴ്ച്ചയിലെ യാമപ്രാർത്ഥനകൾക്ക് മറതുറക്കാത്ത പാരമ്പര്യവും, തുറന്ന ധൂപം വയ്ക്കുന്ന പാരമ്പര്യവും, വിവിധ സ്ഥലങ്ങളിൽ നിലവിലുണ്ട്. വി. കുർബാനയിൽ ഓരോ പ്രാവശ്യവും മറ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതിന് പ്രത്യേക അർത്ഥങ്ങൾ പിതാക്കന്മാർ നൽകുന്നുണ്ട്. അവ അതതു സ്ഥലങ്ങളിൽ വിവരിക്കുന്നതാണ്.

**ഹൈക്കലാ :** പള്ളിയുടെ ഏററവും വിസ്തൃതമായ, വിശ്വാസികൾ നിൽക്കുന്ന സ്ഥലമാണിത്. ഈ ഭാഗത്തിന് സൗകര്യമനുസരിച്ച് വാതിലുകൾ ക്രമീകരിക്കാം.

**ബീമാ :** സിംഹാസനം എന്ന് അർത്ഥമുള്ള സുറിയാനിപദമാണിത്. ഹൈക്കലായുടെ നടുവിലാണ് ഇതിന്റെ സ്ഥാനം. പ്രധാന പെരുന്നാളുകളിൽ സ്ലീബാ ആഘോഷം നടത്തുന്നതിനാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്. മുറോൻകൂദാശയിൽ വൈദികരും, ശെമ്മാശന്മാരും അടങ്ങുന്ന ഒരു സംഘം ബീമായിൽ നിൽക്കണം. മലങ്കരയിൽ എല്ലാ പള്ളികളിലും ബീമാ ഇല്ല.

**ദൊർത്തോ :** ഈ സുറിയാനി പദത്തിന്റെ അർത്ഥം മുററം എന്നാണ്. വേദപഠിതാക്കൾക്കും, പിശാചുബാധിതർക്കും, അനുതാപികൾക്കും മററും നിൽക്കുവാനുള്ള സ്ഥലമാണിത്. ഹൈക്കാലയ്ക്ക് പുറത്തുവരുന്ന ദൊർത്തൊ മൂന്നു വശങ്ങളിലുമായോ, പടിഞ്ഞാറു മാത്രമായോ നിർമ്മിക്കാവുന്നതാണ്. മലങ്കരയിൽ ഇതിന് സാധാരണ പൂമുഖം എന്നും, നാടകശാല എന്നും പറയാറുണ്ട്. നാടകം, മാർഗ്ഗംകളി മുതലായ ക്രിസ്തീയ കലാരൂപങ്ങൾ നടത്തുന്നതിന് ഒരുകാലത്ത് ഈ ഭാഗം ഉപയോഗിച്ചിരുന്നതിനാൽ നിന്നാകാം ഈ പേരു വന്നത്.

വി. കൂദാശകളിൽ പരമപ്രധാനമായത് വി. കുർബാനനയാണല്ലോ. അതിനെക്കുറിച്ചുതന്നെ ആദ്യം ചിന്തിക്കാം.

### വിശുദ്ധ കുർബാനയുടെ അർത്ഥതലങ്ങളും അനുഷ്ഠാനത്തിനാവശ്യമായ സാധനങ്ങളും:

ക്രിസ്തീയ ആരാധനയിൽ പരമപ്രധാനമായ സ്ഥാനമാണ് വി. കുർബാനയ്ക്കുള്ളത്. അതിന്റെ സംബന്ധിക്കുന്ന വിശ്വാസസംഹിതകൾ എന്തായിരുന്നാലും, കർത്താവായ യേശുക്രിസ്തുതന്നെ സ്ഥാപിച്ച ഒരു അനുഷ്ഠാനമെന്ന നിലയിൽ ഈ ശുശ്രൂഷ അനുവർത്തിക്കാത്ത ക്രിസ്തീയസഭകൾ ഒന്നും തന്നെ ഉണ്ടെന്ന് തോന്നുന്നില്ല. ഓർത്തഡോക്സ് സഭകളെ സംബന്ധിച്ചിടത്തോളം കൂദാശകളുടെ മകുടമാണ് വി. കുർബാന. കുദാശ എന്ന വാക്കിനു പകരം രഹസ്യം (റോസോ) എന്ന വാക്കാണ് സുറിയാനിപാരമ്പര്യത്തിൽ ഈ ദിവ്യശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്നത്. രഹസ്യങ്ങളുടെ രഹസ്യമാണ് വി. കുർബാന.

### വി. കുർബാനയുടെ അർത്ഥതലങ്ങൾ

സഭയുടെ മക്കൾക്ക് സമൃദ്ധിയായി ജീവനുണ്ടാകുവാനാണ് കർത്താവ് വി. കുർബാന സ്ഥാപിച്ചത്. (യോഹ. 6:5354, 14:6). യഥാർത്ഥമായും കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും, രക്തവുമാണ് വി. കുർബാനയെന്ന് എല്ലാ ഓർത്തഡോക്സ് സഭയും വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഒരുക്കമില്ലാതെ അവ അനുഭവിക്കരുതെന്ന് പൗലോസ് ശ്ലീഹ മുന്നറിയിപ്പു നൽകുന്നു (1 കൊരി. 11:27 28). മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി സ്വയം അർപ്പിച്ച ക്രിസ്തുവിന്റെ ബലിയിലാണ് നാം പങ്കാളികളാകുന്നത്. അതിനാൽ വി. കുർബാനയിൽ നമ്മുടെ ശരീരവും, മനസ്സും, പൂർണ്ണമായും ദൈവത്തിന് അർപ്പിക്കണം. ഈ ചിന്ത വി. കുർബാനയിലെ പ്രാർത്ഥനകളിൽ ഉടനീളം, പ്രത്യേകിച്ച് ഒരുക്ക ശുശ്രൂഷയുടെ (തൂയാബോ) പ്രാർത്ഥനകളിൽ കാണാം.

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവൻ ദൈവത്തെ അനുസരിച്ച് ജീവിക്കുവാനാണ്. മനുഷ്യൻ അനുസരിക്കുവാനായി ദൈവം നൽകിയ കൽപ്പന അവൻ ലംഘിച്ചു. ആകായാൽ അവനു പകരം ആ അനുസരണം നിർവ്വഹിക്കുവാൻ കർത്താവ് അവന്റെ പ്രതിനിധിയായി, പൂർണ്ണമനുഷ്യനായി വന്നു. ഞാൻ എന്റെ പിതാവിന്റെ ഇഷ്ടം നിർവ്വഹിക്കുവാൻ വന്നുവെന്ന് കർത്താവ് പറയുന്നുണ്ടല്ലോ. ആ ഇഷ്ടം ദൈവത്തെ അനുസരിക്കണമെന്നുള്ളതാണ്. ഈ ഇഷ്ടത്തെ കർത്താവ് മരണംവരെ അനുസരിച്ചു. ഇതിൽ കൂടുതലായ അനുസരണം പ്രദർശിപ്പികുവാനില്ല. അങ്ങനെ കർത്താവ് മനുഷ്യന്റെ ആദ്യപാപത്തിനു പരിഹാരം ചെയ്തു. ആ പാപ പരിഹാര മഹായാഗത്തിൽ സംബന്ധികളായി തീരുവാൻ അവിടന്ന് അറിയിച്ച യാഗസാധനങ്ങളായ സ്വന്തശരീര രക്തങ്ങളോട് മനുഷ്യ എന്നും സംബന്ധപ്പെടുവാൻ തക്കവണ്ണം വി. കുർബ്ബാന ഏർപ്പെടുത്തുകയും ചെയ്തു. ആകയാൽ നാം വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ കർത്താവ് നമ്മുടെ ആദ്യപാപത്തിനു പരിഹാരമായി അർപ്പിച്ച ആ മഹായാഗത്തെ അനുസ്മരിപ്പിക്കുകയും, തിരുശരീര രക്തങ്ങൾ അനുഭവിച്ച് ആ യാഗമർപ്പിച്ച ആളുമായി സംയോജിക്കുകയുമാണ് ചെയ്യുന്നത്. അതോടുകൂടി കർത്താവ്നുഷ്ഠിച്ച ബലി മൂലമുള്ള പാപപരിഹാരത്തിന് നാം അർഹരായിത്തീരുകയും ചെയ്യുന്നു.

## TEMPLES OF ISRAEL (Continuation)

Fr. Dr. Shaji P. John
(Vice Principal STOTS, Nagpur)

### Zerubbabel's Temple (Second Temple)



In 539 B.C. Cyrus II, the king of Persia captured Babylone and incorporated it to the Persian Empire. He allowed all the deported people to go back to their own lands and practice their own religious observances. As a result of these developments, a number of Jews returned to Judea and Jerusalem under the leadership of Shsh-Bazzar and Zerubbabel (some of the scholars are of the opinion that these two are the same person) and they rebuilt the temple in its old cite and finished probably in 516/ 5 B.C. This temple is often called as Zerubbabel's temple or Second temple.

Our earliest Biblical reference to this temple is Haggai (520 B.C) and Zechariah (520-518 B.C). In the book of Chronicles we can see the organisation of the temple staff and the duties of Levite, the temple musicians, the gate keepers, and the like. In the book of Ezra also we gets the valuable historical evidences about the construction of the temple.

The exact and reliable information about the second temple are lacking. The probabilities are that it was similar in plan and size to Solomon's structure. The new temple was not rich and costly as the Solomon's temple. However, they made some addition from time to time like fortification of the temple made by Simon II, continued by the Hasmoneans.

### The Temple of Herod

In 20-19 B.C. Herod the great undertook to reconstruct the temple and its surrounding courts and buildings. The essential construction was completed in about ten years, but the work on the annexes and courts continued for half a century, and may not have been entirely finished when the destruction came in A. 70. This temple was a complete rebuilding according to the new and then prevailing style of architecture, the Hellenistic- Roman.

Our chief literary sources about this temple are New Testament, Josephus and Mishna tractate Middoth. The brief description in Philo is too vague and general to be of use. The description in Josephus and Mishna are both in considerable details, but not in complete agreement with each other. The New Testament contains more than a hundred references to Herod's Temple. Most of these references have to do with the attitudes on the part of Jews or the early Christians toward the temple and its institution. A number of Gospel passages portray Jesus as frequenting the temple, teaching of walking there.

### Other Temples

There are three other temples dedicated to Yahweh are known to have existed outside Jerusalem in the post-exilic period, they are the Samaritan temple, Elephantine temple and the temple at Leontopolosb, but they are never recognised as legitimate by the officials in Jerusalem. The only certain thing known about the Samaritan temple is that it was on mount Garizim and it was in existence when Antiochus IV Epiphanes dedicated it to Zeus in 167-166 B.C. The temple was destroyed by John Hyrcanus in 129 B.C, but the text of Jn. 4: 20-21 indicates that there was still a cultic centre on mount Garizim at Jesus time. The Elephantine temple was the sanctuary dedicated to Yahweh by a Jewish military who lived in Elephantine in Egypt during the 5th to 6th century B.C. This sanctuary was attacked by the Egyptians in 410 B.C. and after the end of Persian rule in Egypt in the fourth century B.C. the Elephantine colonists and their temple disappeared from the history. The temple at Leontopolis was built by Onias, the son of the high priest Onias III (2 Mc. 4:33-34) in the year 170 B.C. It remained in existence until 73 A.D. when Vespasian ordered it to be destroyed to prevent any resurgence of Jewish nationalism.

*End.*

## ആൽക്കഹോൾ

Fr. Dr. John Abraham, TRADA Kottayam

'ആൽക്കഹോൾ' എന്ന പദത്തിന്റെ ഉത്ഭവം രസാവഹമത്രേ. അറബി ഭാഷയിലാണ് ഉറവിടം. കൺപോൾകളെ കൂടുതൽ സുന്ദരമാക്കാനായി ആന്റിമണിയിൽ നിന്നുണ്ടാക്കുന്ന ഒരുതരം പൗഡറിന് അറബി ഭാഷയിൽ 'ആൽക്കഹോൾ' എന്നു പറഞ്ഞിരുന്നു. അതിൽ നിന്നാണത്രേ ആൽക്കഹോൾ എന്ന പദത്തിന്റെ ഉത്ഭവം. സർവ്വരോഗങ്ങൾക്കും പ്രതിവിധിയായി ആൽക്കഹോൾ ഉപയോഗിച്ചിരുന്ന കാലമുണ്ടായിരുന്നു. ജീവനും ഉന്മേഷവും രോഗശാന്തിയും നൽകുന്ന ഔഷധമായിക്കരുതിയിരുന്നു. 'വിസ്കി' എന്ന വാക്കിന്റെ അർത്ഥം തന്നെ 'ജീവന്റെ ജലം' എന്നാണുപോലും! എങ്കിൽപ്പിന്നെ ജീവൻ സമൃദ്ധമാകാൻ വേണ്ടുവോളം വിസ്കിയടിച്ചാൽ മതിയല്ലൊ. ജീവൻ അപകടത്തിലാകുമെന്നതാണു പരമാർത്ഥം.

**മദ്യപാനാസക്തി ഒരു പ്രാഥമിക രോഗം**

മയക്കുമരുന്നുകളുടെ ദുരുപയോഗം അഥവാ ആസക്തി അതിൽ തന്നെ ഒരു രോഗമാണ്. 1956ൽ അമേരിക്കൻ സൈക്കാട്രിക് സൊസൈററിയും വേൾഡ് ഹെൽത്ത് ഓർഗനൈസേഷനും അമിത മയക്കുമരുന്നുകളുടെ ദുരുപയോഗം ഒരു രോഗമായി നിർവചിച്ചു. ഉപയോഗിക്കുന്ന വ്യക്തിക്ക് ഇതിന്മേൽ യാതൊരു നിയന്ത്രണവുമില്ല. എപ്പോൾ അവിടെ ലഭ്യമായാലും കുടിക്കും. സ്ഥലകാലബോധം നഷ്ടമാക്കി മദ്യത്തിന്റെ പിന്നാലെ പോകും. ശാരീരകവും മാനസികവും വൈകാരികവും കുടുംബപരവുമായ ഒട്ടേറെ പ്രശ്നങ്ങൾ അതിനു കാരണമായിട്ടുണ്ടാവാം. എന്നാൽ മദ്യപാനം അവസാനിപ്പിക്കുന്നതിലൂടെ മദ്യാസക്തിക്കു കാരണമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും എളുപ്പമാകും. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഉപേക്ഷിക്കാതെ ഈ പ്രശ്നങ്ങൾക്കൊന്നും ഒരുപരിഹാരവും സാധ്യമല്ല.

**മദ്യപാനാസക്തിയുടെ പ്രകടമാകുന്ന ലക്ഷണങ്ങൾ**

1. സഹിഷ്ണുത വർദ്ധിക്കുന്നു.

രോഗത്തിന്റെ ആദ്യലക്ഷണമാണിത്. ലഹരി പിടിക്കുന്നതിനുമുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന മദ്യം പോരാതെ വരുന്നു. കൂടുതൽ മദ്യം ഉൾക്കൊള്ളാൻ ശരീരത്തിനു സാധിക്കുന്നു. കൂടുതൽ മദ്യം ശരീരത്തിനു താങ്ങാൻ സാധിക്കുന്നതായി വ്യക്തി മനസിലാക്കുന്നു. മുൻപ് കുറഞ്ഞ അളവിൽ ലഭിച്ചിരുന്ന ഉന്മേഷവും ലഹരിയും ലഭിക്കാൻ ഇപ്പോൾ കൂടുതൽ ഉപയോഗിക്കേണ്ടിവരുന്നു.

2. താല്ക്കാലികമായി മറവി നഷ്ടപ്പെടൽ

മദ്യപിക്കുന്ന ദിവസങ്ങളിൽ താല്ക്കാലികമായി ഓർമ്മ നഷ്ടപെട്ടു പോകുന്ന അവസ്ഥ. ഈ അവസരത്തിൽ രോഗി അബോധാവസ്ഥയിൽ ആകുന്നില്ല എന്നാൽ സുബോധമില്ല. സുബോധമില്ലാതെ പല പ്രവൃത്തികളും ചെയ്യുന്നു. എന്നാൽ സുബോധമാകുമ്പോൾ അവയെപ്പററി ഓർമ്മിക്കാൻ സാധിക്കുന്നില്ല. സംസാരിക്കുകയും നടക്കുകയും വണ്ടിയോടിക്കുകയും മറെറല്ലാ പ്രവൃത്തികളും ചെയ്യുമെങ്കിലും അതേപ്പററി ഒരു ഓർമ്മയും പിന്നിട് ഉണ്ടാകുകയില്ല. മദ്യപിച്ച് സുബോധമില്ലാതെ ഭാര്യയെ ഉപദ്രവിക്കുകയും മററുള്ളവരുമായി അടിപിടി ഉണ്ടാക്കുകയും അസഭ്യങ്ങൾ സംസാരിക്കുകയും ചെയ്യുന്നതിനെപ്പററി ചോദിച്ചാൽ കൈമലർത്തുന്നത് ഈ ഓർമ്മ നഷ്ടപ്പെടൽ മൂലമാണ്.

3. മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകൾ

സദാസമയവും മദ്യത്തെപ്പററിയും അവ എങ്ങനെ സംഘടിപ്പിക്കാം, എവിടെ നിന്നു ലഭിക്കും, എങ്ങനെ അതിനുള്ള പണം സംഘടിപ്പിക്കാം എന്നീ ചിന്തകൾ മദ്യപാനിയെ ചുററിപ്പററി നിൽക്കുന്നു. ജോലി ചെയ്യുമ്പോഴും കുഞ്ഞിനെയുംകൊണ്ട് ആശുപത്രിയിൽ വന്നാലും ഭാര്യയെയുംകൂട്ടി യാത്രചെയ്യുമ്പോഴും എവിടെ ചെന്ന് ഒരു ഗ്ലാസു മദ്യം സംഘടിപ്പിക്കാം എന്ന ചിന്തയാണ് അയാളെ അലട്ടുന്നത്.

4. ഒഴിഞ്ഞുമാററങ്ങൾ

മദ്യപാനത്തെക്കുറിച്ചുള്ള സംസാരത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നു. വിമർശനങ്ങളെ വെറുക്കുന്നു. മദ്യപാനത്തെപ്പററി സംസാരിക്കുന്നത് വഴക്കുകൾക്ക് കാരണമായിത്തീരുന്നു. കുററബോധമാണ് ഇതിനു കാരണം. തന്റെ മദ്യപാനസ്വഭാവം വെളിപ്പെടുമോ എന്ന ഭയവും വെളിപ്പെടുത്തലിലുള്ള കോപവും ഇവരെ അലട്ടുന്നു.

5. നിയന്ത്രണം നഷ്ടപ്പെടുന്നു.

ഒരു നിശ്ചിത അളവിൽ മദ്യം ഉപയോഗിക്കുവാൻ കഴിയുന്നില്ല. നൂറോ ഇരുന്നൂറോ മില്ലി കഴിഞ്ഞാൽ എല്ലാ നിയന്ത്രണവും വിട്ടുപോകുന്നു. എല്ലാ ദിവസവും കുടിക്കണമെന്നില്ല്. കുടിച്ചു തുടങ്ങിയാൽ അവസാനിപ്പിക്കുന്നത് അബോധവസ്ഥയിലായിരിക്കും. മദ്യം മനുഷ്യനെ നിയന്ത്രിക്കുന്നു. മദ്യം മനുഷ്യന്റെ നിയന്ത്രണം നഷ്ടപ്പെടുത്തുന്നു. നിയന്ത്രണം വിട്ട മദ്യപാനം മദ്യാസക്തി രോഗത്തിന്റെ പ്രകടലക്ഷണമാണ്. ഈ ഘട്ടമെത്തിയ രോഗിക്ക് ആസക്തി ചികിത്സ അത്യാവശ്യമാണ്.

തുടരും....